**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.655 — 05.06.2018-ലെ മറുപടിയ്ക്ക്

## <u>ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.സ്വരാജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പ്രകാരം ഏതെല്ലാം കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നത് എന്ന് അറിയിക്കുമോ; | (എ) & (ബി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നത്. ഷൂട്ടിംഗ് കായികയിനത്തിൽ 10 പേർക്കും ബാക്കി ഓരോ കായികയിനത്തിലും 20 കായിക താരങ്ങളെ വീതം ആകെ 210 കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 കായിക താരങ്ങളെ വീതം ആകെ 160 കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു എന്ന് അറിയിക്കുമോ; | | |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോട് കൂടി ഇന്ത്യയിലേയും വിദേശത്തിലെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**